പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6089 10.7.2012-ൽ മറുപടിക്ക്

## ടോയ്‌ലറ്റ് മാലിന്യ സംസ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ.മഞ്ഞളാംകുഴി അലി (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് പൊതുസ്ഥലങ്ങളിൽ ടോയ്‌ലറ്റ് മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ടോയ്‌ലറ്റ് മാലിന്യസംസ്കരണത്തിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | ബി) ടോയ്‌ലറ്റ് മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിന് ജില്ലാതലത്തിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് നടപടി കൈക്കൊണ്ടുവരുന്നു.<br>തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ കെഎസ്‌യുഡിപി പ്രകാരം സ്ഥാപിക്കുന്ന സീവേജ് ട്രീറ്റ്മെൻ പ്ലാൻറിനോടൊപ്പം സെപ്റ്റേജ് (സെപ്ടിക് ടാങ്കിൽ നിന്നുള്ള മാലിന്യം) കൂടി സംസകരിക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട്. ശേഷിക്കുന്ന 10 ജില്ലകളിൽ പ്രത്യേകം സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് നടപടി എടുത്തുവരുന്നത്. |
| സി) സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് എന്ന പരസ്യം നൽകി ഇത്തരം ജോലികൾ ഏറ്റെടുക്കുന്നവർ മാലിന്യം എവിടെയാണ് കളയുന്നതെന്ന് പരിശോധിക്കാറുണ്ടോ; | സി) നിലവിൽ ഇക്കാര്യം പരിശോധിക്കാൻ സംവിധാനങ്ങളില്ല. പരിസ്ഥിതി വകുപ്പുമായി ബന്ധപ്പെട്ട് ഇത്തരം ജോലികൾ ഏറ്റെടുത്തു നടത്തുന്ന ഏജൻ സികളുടെ രജിസ്ട്രേഷൻ നൽകാൻ ചുമതലയുള്ള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനോട് ഇക്കാര്യം പരിശോധിക്കുവാൻ നിർദ്ദേശം നൽകാവുന്നതാണ്. |
| ഡി) ടോയ്‌ലറ്റ് മാലിന്യസംസ്കരണത്തിന് വിദേശങ്ങളിലെ പോലെ സംസ്ഥാനത്ത് നൂതന സാങ്കേതിക വിദ്യകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന് സമാനമായ സൗകര്യങ്ങളോടുകൂടിയ വിദേശ രാജ്യങ്ങളിൽ അനുവർത്തിക്കുന്ന നവീന സാങ്കേതിക വിദ്യകൾ കേരളത്തിൽ ഉപയോഗപ്പെടുത്താനുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. |

സെക്ഷൻ ഓഫീസർ